# വിശ്വാസപരിശീലനകേന്ദ്രം

I. **ഒന്നാം സെമസ്റ്റർ പരീക്ഷ:** വിശ്വാസപരിശീലനത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 01 ഞായറാഴ്ച നടത്തപ്പെടുന്നു. സിലബസിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ വചനദീപത്തിലും Website: www.catechismernakulam.com-ലും ലഭ്യമാണ്.

II. **DIDACHE**
പ്ലസ് ടൂ കഴിഞ്ഞവർക്കായ് അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ട്മെന്റ് നടത്തുന്ന DIDACHE യുടെ മൂന്നാമത്തെ ക്ലാസ് കലൂർ റിന്യുവൽ സെന്ററിൽ ഒക്ടോബർ 11 ഞായറാഴ്ച 2.30 pm മുതൽ 5.30 pm വരെ The Holy Spirit and the Church: Unity, Mission and Ecumenism എന്ന വിഷയത്തെക്കുറിച്ച് നടത്തുന്നു.

III. **ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിന്റെ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ**
ഒന്നാം വർഷ ഡിപ്ലോമ - 2026 ഒക്ടോബർ 17, 18 (ശനി, ഞായർ)
രണ്ടാം വർഷ ഡിപ്ലോമ - 2026 ഒക്ടോബർ 20, 21 (ചൊവ്വ, ബുധൻ)
സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.
രജിസ്റ്റർ ചെയ്ത കുട്ടികൾ രാവിലെ 9.00-ന് എത്തിച്ചേരേണ്ടതാണ്. ഓരോ സെഷനും അവസാനിക്കുന്ന ദിവസം പരീക്ഷ ഉണ്ടായിരിക്കും.

IV. **വിശ്വാസപരിശീലകരുടെ ദിനാഘോഷം:**
2026 നവംബർ 04-ാം തീയതി ബുധനാഴ്ച വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനമാണ്. നവംബർ 08-ാം തീയതി ഇടവകകളിൽ വിശ്വാസപരിശീലകരുടെ ദിനമായി ആഘോഷിക്കുന്നു. അദ്ധ്യാപകരെ ആദരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

V. **2026 ഒക്ടോബർ മാസത്തിൽ നടക്കുന്ന എൻലൈറ്റ് പരിപാടികൾ:**
ഒക്ടോബർ 04 ഞായർ: എൻലൈറ്റ്- ഇടപ്പള്ളി ഫൊറോന
ഒക്ടോബർ 11 ഞായർ: എൻലൈറ്റ്- വല്ലം ഫൊറോന
ഒക്ടോബർ 18 ഞായർ: എൻലൈറ്റ്- മൂഴിക്കുളം ഫൊറോന
ഒക്ടോബർ 25 ഞായർ: എൻലൈറ്റ്- കിഴക്കമ്പലം ഫൊറോന

## കാറ്റക്കീസം വാർത്തകൾ

I. **ദൈവവിളി അനുഭവ വിവരണ മത്സരം - വിജയികൾ**
അതിരൂപതാ ദൈവവിളി ദിനത്തോടനുബന്ധിച്ച് കാറ്റക്കീസം

വിദ്യാർത്ഥികൾക്കായി നടത്തിയ ദൈവവിളി അനുഭവ വിവരണ മത്സര വിജിയകൾ

I Sandra Grace Raju - Christ the King Church, Karukutty
II Alphonsa Jolly Madamana - Martin De Porres Church, Martin Nagar
III Noel Biju Kachappilly - Infant Jesus Church, Kizhakkumbhagam

**II. ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം**

ഇടവകകളിൽ വിശ്വാസപരിശീലനത്തിനു സഹായിക്കുന്ന ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം സെപ്റ്റംബർ 13-ാം തീയതി 3.00 pm മുതൽ 5.30 pm വരെ കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. തൊണ്ണൂറോളം ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികൾ പങ്കെടുത്ത മീറ്റിങ്ങിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി മാർ ജോസഫ് പാംപ്ലാനി അദ്ധ്യക്ഷനായിരുന്നു.

**III. Basic Orientation Course (BOC)**

വിശ്വാസപരിശീലകർക്കുവേണ്ടി സെപ്റ്റംബർ 12-13 (ശനി, ഞായർ) & സെപ്റ്റംബർ 19-20 (ശനി, ഞായർ) തീയതികളിൽ കലൂർ റിന്യുവൽ സെന്ററിൽ Basic Orientation Course (BOC) നടന്നു. രണ്ട് കോഴ്സുകളിലുമായി 318 അദ്ധ്യാപകർ പങ്കെടുത്തു. ആദ്യ കോഴ്സിന്റെ സമാപനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യാപകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. രണ്ടാമത്തെ കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഡോ. ജോസ് പുതിയേടത്ത് നിർവഹിച്ചു.

**IV. DIDACHE**

പ്ലസ് ടൂ കഴിഞ്ഞവർക്കായ് അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ട്മെന്റ് നടത്തുന്ന DIDACHE യുടെ രണ്ടാമത്തെ ക്ലാസ് കലൂർ റിന്യുവൽ സെന്ററിൽ സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച നടന്നു. മൈനർ സെമിനാരി റെക്ടർ റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ Jesus Christ: ചരിത്രത്തിലും വി. ഗ്രന്ഥത്തിലും എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. മാർ ജോസഫ് പാംപ്ലാനി കുട്ടികളെ കാണുകയുണ്ടായി.

**V. വല്ലം ഫൊറോനാ അദ്ധ്യാപക കൺവെൻഷൻ**

വല്ലം ഫൊറോനാ അദ്ധ്യാപക കൺവെൻഷൻ വിവിധ ഇടവകകളിൽ നിന്നുള്ള പരിപാടികളോടെ സെപ്റ്റംബർ 20-ാം തീയതി വല്ലം സെന്റ് തെരേസാസ് ഫൊറോന പള്ളിയിൽ നടത്തപ്പെട്ടു. 271 വിശ്വാസ പരിശീലകർ പങ്കെടുത്തു. ഫൊറോന വികാരി ബഹു. സെബാസ്റ്റ്യൻ മാടശ്ശേരി അച്ചൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വല്ലം ഫൊറോന

കാറ്റക്കീസം ഡയറക്ടർ ഫാ. സണ്ണി കളപ്പുരക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത വിശ്വാസ പരിശീലന വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ഫാ. സച്ചിൻ മാമ്പുഴക്കൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ഫൊറോനാ സെക്രട്ടറി സി. ഹൃദ്യ എസ്.ഡി. റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വിശ്വാസ പരിശീലകരുടെ ദൗത്യത്തെക്കുറിച്ച് ഫാ. ജേക്കബ് നാലുപറയിൽ MCBS ക്ലാസ് നയിച്ചു. വിശ്വാസ പരിശീലന രംഗത്ത് 25, 40 വർഷങ്ങൾ പൂർത്തിയാക്കിയവരെ ചടങ്ങിൽ ആദരിച്ചു. ദിവ്യകാരുണ്യ ആരാധനയോടെ തുടങ്ങിയ കൺവെൻഷൻ സ്നേഹ വിരുന്നോടെ സമാപിച്ചു. ഫൊറോന കൗൺസിൽ കൺവെൻഷന് നേതൃത്വം നൽകി.

**VI. 2026 സെപ്റ്റംബർ മാസത്തിൽ നടന്ന എൻലൈറ്റ് പരിപാടികൾ**

സെപ്റ്റംബർ 6 ഞായർ: എൻലൈറ്റ് - തൃപ്പൂണിത്തുറ ഫൊറോന

സെപ്റ്റംബർ 20 ഞായർ: എൻലൈറ്റ് - കറുകുറ്റി ഫൊറോന

എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**